(ബി) ഈ വിഭാഗം സഹകരണസംഘങ്ങളിൽപ്പെടുന്ന ഒരു സംഘത്തിൽ തന്നെ ഏതാനും ജീവനക്കാരുടെ ശമ്പളത്തിൽ കുറവോ കൂടുതലോ വരുത്തുന്നതിന് സംഘം ഭരണ സമിതിക്കോ പൊതുയോഗത്തിനോ അധികാരമുണ്ടോ;

(സി) ഇല്ലാത്തപക്ഷം ഇപ്രകാരം ചെയ്യുന്നത് നിയമാനുസൃതമാണോ;

(ഡി) ആണെങ്കിൽ ഇതു സംബന്ധിച്ച നിയമ വ്യവസ്ഥ എന്തെന്ന് പറയുമോ;

(ഇ) സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് അധികമായി വേതനം നൽകിയാൽ അത് തിരിച്ച് പിടിക്കേണ്ടതും കുറഞ്ഞവേതനം നൽകിയാൽ അർഹതപ്പെട്ട ശമ്പളം നൽകേണ്ടതും സംബന്ധിച്ച് നടപടി എടുക്കേണ്ടത് ആരാണ്;

(എഫ്) തിരുവനന്തപുരം സ്പേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘത്തിലെ എത്ര പേർക്ക് നിയമാനുസൃതം അർഹമായതിൽ കുറഞ്ഞ ശമ്പളം നൽകുന്നുണ്ട്; ആർക്കെല്ലാം;

(ജി) ഇവർക്ക് നിയമം അനുശാസിക്കുന്ന രീതിയിലുള്ള ശമ്പളം പൂർവ്വകാല പ്രാബല്യത്തോടുകൂടി നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഈ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നിശ്ചയിച്ച് നൽകുന്നത്.

(ബി) അധികാരമില്ല.

(സി) അല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംഘം ഭരണസമിതി.

(എഫ്) രണ്ടുപേർക്ക്. സ്പെഷ്യൽ ഗ്രേഡ് അറ്റൻഡർമാരായ ശ്രീ. പി. ശിവാനന്ദൻ, ശ്രീ. ഏണസ്റ്റ് ഗോമസ് എന്നിവർക്ക്.

(ജി) ഇവർക്ക് 99-ലെ ശമ്പള പരിഷ്കരണ സമയത്തെ ശമ്പള നിർണ്ണയം സംബന്ധിച്ച് 35/2000, 36/2000 എന്നീ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി ആർബിട്രേഷൻ കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ

86 [2738] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ സ്ഥിരമായോ താൽക്കാലികമായോ നിയമനം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതു സംബന്ധിച്ച നിയമ വ്യവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(സി) സഹകരണ വകുപ്പിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലെ ഒഴിവ് പി. എസ്. സി.-യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ഡി) രജിസ്ട്രാർ ഓഫീസിൽ എഡിറ്റർ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ആരാണ്; പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) സർവീസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തിയ ഉദ്യോഗസ്ഥന്റെയും ആയതിന് അനുമതി നൽകിയ ഗവൺമെന്റ് സെക്രട്ടറിയുടെയും പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) നിലവിലുള്ള വ്യവസ്ഥകൾ സ്ഥിരനിയമനത്തിനുള്ളതാണ്. സ്ഥിര നിയമനം നടത്തുന്നതുവരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ടി വ്യവസ്ഥ തടസ്സമല്ല.

(സി) ഇല്ല. റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയത് സർക്കാരാണ്. അതുപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയാണ്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(ഇ) സർവീസ് ചട്ടങ്ങൾ ലംഘിച്ച് സ്ഥിരനിയമനം നടത്തിയിട്ടില്ലാത്തതിനാൽ ശിക്ഷണ നടപടിയുടെ പ്രശ്നം ഉദിക്കുന്നില്ല.

സഹകരണ സംഘങ്ങളിലെയും സഹകരണ വകുപ്പിലെയും നിയമന വ്യവസ്ഥകൾ

87 [2739] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലെയും സഹകരണ വകുപ്പിലേയും നിയമന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകാൻ സംസ്ഥാന-ജില്ലാ ബാങ്ക് ഭരണസമിതികൾക്ക് അധികാരമുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly